**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 94** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ റീ-സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. എം. എം. മണി,<br>ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഡിജിറ്റൽ റീ-സർവ്വേ നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | “എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്” എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവെ ചെയ്ത 116 വില്ലേജുകൾ ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് 2022 നവംബർ 1 ന് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. ആദ്യ ഘട്ടത്തിൽ 339.438 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ സർവ്വെ നടത്തിയിട്ടുണ്ട്.<br><br>രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നുവരുന്നു. |
| (ബി) | റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട തർക്കങ്ങളും ആശങ്കകളും പരിഹരിക്കുന്നതിനായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; ഈ ലക്ഷ്യം നേടുന്നതിനായി നിയമനിർമ്മാണം നടത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (ബി) | പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് ഡിജിറ്റൽ റീസർവ്വെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ആയതിനാൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി വിവിധ ഘട്ടങ്ങളിലുള്ള പരസ്യങ്ങൾ ദൃശ്യശ്രവണ മാധ്യമങ്ങളിലൂടെ നൽകുന്നതിനുള്ള നടപടികൾ വകുപ്പിൽ സ്വീകരിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ഡിജിറ്റൽ സർവ്വെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള |

| | | | |
|---|---|---|---|
| | | | 200 വില്ലേജുകളിലാണ് നിലവിൽ സർവ്വെ ജോലികൾ പുരോഗമിക്കുന്നത്. ടി വില്ലേജുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി വാർഡു തലങ്ങളിൽ സർവ്വെ സഭകൾ കൂടി ഭൂവുടമസ്ഥർക്ക് കാര്യങ്ങൾ വിശദീകരിച്ച് നൽകിയിട്ടുള്ളതും സംശയങ്ങൾ ദൂരീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ സർവ്വെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾ ഫ്രീ നമ്പരും പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br>ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ് വെയർ അധിഷ്ഠിതമായാണ് പദ്ധതി നടപ്പിലാക്കുന്നത്. ഡിജിറ്റൽ റീസർവ്വെയുടെ ഭാഗമായി ഫീൽഡ് ജോലികൾ പൂർത്തിയാക്കി സർവ്വെ അതിരടയാള നിയമ പ്രകാരം സെക്ഷൻ 9(2) നോട്ടിഫൈ ചെയ്യുന്ന വില്ലേജുകളിലെ റിക്കാർഡുകൾ എന്റെ ഭൂമി പോർട്ടൽ മുഖേന പരിശോധിക്കാവുന്നതും, ആക്ഷേപമുള്ള പക്ഷം അവ അപ്പീൽ ലാൻഡ് കംപ്ലയിന്റായി പോർട്ടൽ മുഖേന തന്നെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലെ സർവ്വെ, റവന്യൂ നിയമ സംവിധാനത്തിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കാത്ത അപാകതകൾ പരിഹരിക്കുന്നതിന് ഒരു സെറ്റിൽമെന്റ് സംവിധാനം കൊണ്ട് വരുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (സി) | ഭൂരേഖ തയ്യാറാക്കുന്നതിനായി നടത്തുന്ന സർവ്വേയുടെ ഭാഗമായി കൈവശമുള്ള ഭൂമി നഷ്ടപ്പെടുന്നു എന്ന തരത്തിലുള്ള വ്യാജ പ്രചാരണം നടക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഉണ്ടെങ്കിൽ ശരിയായ വസ്തുതയെന്തെന്ന് വെളിപ്പെടുത്താമോ; | (സി) | കൈവശമുള്ള ഭൂമി കൃത്യമായി അളന്നു തിട്ടപ്പെടുത്തി രേഖകൾ നൽകുന്നതിനാണ് ഡിജിറ്റൽ സർവ്വെയിൽ ലക്ഷ്യമിടുന്നത്. കൈവശക്കാരന്റെ രേഖകൾ പ്രകാരമുള്ള ഭൂമിയുടെ അളവും ഡിജിറ്റൽ സർവ്വെയിലൂടെ തിട്ടപ്പെടുത്തുന്ന കൈവശ ഭൂമിയുടെ അളവും തമ്മിൽ ഉള്ള വ്യത്യാസം നിശ്ചിത പരിധിയിലും കൂടുന്ന അവസരത്തിൽ പരാതികൾ പരിഹരിക്കുന്നതിനായി ഒരു പോർട്ടൽ സജ്ജമാക്കിയിട്ടുള്ളതുമാണ്. ഭൂ സംബന്ധമായി തർക്കങ്ങൾ പരിഹരിക്കുന്നതിനും നിലവിലെ സർവ്വെ, റവന്യൂ നിയമ സംവിധാനത്തിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കാത്ത അപാകതകൾ പരിഹരിക്കുന്നതിനുമായി ഒരു സെറ്റിൽമെന്റ് നിയമം കൊണ്ട് വരുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ഡി) | ഡിജിറ്റൽ സർവ്വേ ഉപകരണങ്ങളുടെ ഗുണനിലവാരവും വാങ്ങൽ നടപടികളിൽ | (ഡി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ (ആർ.കെ.ഐ) സാമ്പത്തിക സഹായത്തോടെ നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്തിന്റെ സർവ്വെ |

| | | | |
|---|---|---|---|
| | സുതാര്യതയും ഉറപ്പ് വരുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | പൂർത്തിയാക്കുന്നതിന് 1550 വില്ലേജുകളുടെ ഡിജിറ്റൽ റീസർവ്വെ, നൂതന സർവെ ഉപകരണങ്ങളായ CORS, RTK, R-ETS തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിച്ച് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.<br><br>റിയൽ ടൈം കൈനമാറ്റിക് (RTK) (1500 എണ്ണം), റോബോട്ടിക് ETS (200 എണ്ണം), ടാബ്ലെറ്റ് പിസി (1700 എണ്ണം) വാങ്ങുന്നതിനുള്ള നടപടികളാണ് പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചിട്ടുള്ളത്. ഡിജിറ്റൽ ലാൻഡ് സർവ്വെ രംഗത്തെ വിദഗ്ദരായ സർവെ ഓഫ് ഇന്ത്യ, National Informatic Centre (NIC), Kerala State Remote Sensing & Environment centre (KSREC), കേരള സ്റ്റേറ്റ് IT മിഷൻ (KSITM), Kerala State Council for Science, Technology & Environment (KSCSTE), കോളേജ് ഓഫ് എഞ്ചിനീയറിംഗ് തിരുവനന്തപുരം (CET) എന്നീ ഏജൻസികളിലെ സാങ്കേതിക വിദഗ്ധരും സർവ്വെ വകുപ്പിലെ സീനിയർ ഉദ്യോഗസ്ഥരും ഉൾപ്പെട്ട ടെക്നിക്കൽ കമ്മറ്റിയുടെ തീരുമാനപ്രകാരമാണ് ടെണ്ടർ സ്പെസിഫിക്കേഷനും, RFP യും അന്തിമമാക്കി പർച്ചേയ്സ് നടപടിയിലേക്ക് പോയിട്ടുള്ളത്.<br>ടെക്നിക്കൽ കമ്മറ്റി അംഗീകരിച്ച സ്പെസിഫിക്കേഷൻ അനുസരിച്ച് സംസ്ഥാന സർക്കാരിന്റെ Procurement portal ആയ etenders.kerala.gov.in എന്ന ഓപ്പൺ ടെണ്ടർ പോർട്ടലിൽ ടെണ്ടർ പബ്ലിഷ് ചെയ്ത് ഏറ്റവും സുതാര്യമായ രീതിയിലാണ് പർച്ചേസ് നടപടികൾ സ്വീകരിച്ച്, L1 ബിഡ്ഡറെ തിരഞ്ഞെടുത്തിട്ടുള്ളത്. കൂടാതെ L1 ബിഡ്ഡർ ലഭ്യമാക്കിയ ഉപകരണങ്ങൾ ടെക്നിക്കൽ കമ്മറ്റിയുടെ മേൽനോട്ടത്തിൽ ഫീൽഡിൽ പരീക്ഷണം നടത്തി ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കിയതിന് ശേഷമാണ് വിതരണാനുമതി നൽകിയിട്ടുള്ളത്. അപ്രകാരം 1150 RTK, 200 RETS, 1350 Rugged Tab എന്നീ ഉപകരണങ്ങൾ കമ്പനി ലഭ്യമാക്കിയിട്ടുണ്ട്. അവ എല്ലാം തന്നെ 14 ജില്ലകളിലായി വിതരണം ചെയ്ത് സർവ്വെ ജോലികൾ പുരോഗമിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ